# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

## സംഗ്രഹം

കൊല്ലവർഷം 1191 ലെ ഓണം - അഡ്ഹോക്ക് ബോണസ്/ഫെസ്റ്റിവൽ അലവൻസ്, ഫെസ്റ്റിവൽ അഡ്വാൻസ് എന്നിവ അനുവദിയ്ക്കുന്ന സംഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 5547/10/Est-I** നന്തൻകോട്, **22/08/2015**

---

പരാമർശം:- 1. G.O.(P) No. 338/15/Fin, dated 07-8-2015.

2. G.O.(P) No. 337/15/Fin, dated 07-8-2015.

3. G.O.(P) No. 367/15/Fin, dated 18-8-2015.

4. ദേവസ്വം അക്കൗണ്ട് ആഫീസറുടെ 19-08-2015 ലെ DA 623/05/Est നമ്പർ അഭിപ്രായം.

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഓണം പ്രമാണിച്ച് സൂചന 1, 2, 3 നമ്പർ ഉത്തരവുകൾ പ്രകാരം അഡ്ഹോക്ക് ബോണസ്/ഫെസ്റ്റിവൽ അലവൻസ്, ഫെസ്റ്റിവൽ അഡ്വാൻസ് എന്നിവ അനുവദിച്ചു. ഗവൺമെന്റ് ജീവനക്കാർക്ക് അനുവദിച്ച പ്രസ്തുത ആനുകൂല്യങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട് ആഫീസറുടെ അഭിപ്രായം വരുത്തി (സൂചന - 4). മേൽ പരാമർശ ഗവൺമെന്റ് ഉത്തരവുകളും ദേവസ്വം അക്കൗണ്ട് ഓഫീസറുടെ അഭിപ്രായവും വിശദമായി പരിശോധിച്ചശേഷം 1191 (എം.ഇ.) യിലെ ഓണം പ്രമാണിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് അഡ്ഹോക്ക് ബോണസ്/ഫെസ്റ്റിവൽ അലവൻസ്, ഫെസ്റ്റിവൽ അഡ്വാൻസ് എന്നിവ ചുവടെ വിവരിക്കുന്ന പ്രകാരം നൽകുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവായിരിക്കുന്നു.

1. തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള എല്ലാ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാർക്കും, ഷെഡ്യൂൾഡ് ദേവസ്വങ്ങളിലേയും, പി.ഡി. ദേവസ്വങ്ങളിലേയും ലാസ്റ്റ് ഗ്രേഡ് സ്കെയിലും, അതിന് അനുവാദമുള്ള ഡി.എ. യും ലഭിച്ചു വരുന്ന എല്ലാ ക്ഷേത്ര ജീവനക്കാർക്കും അടിസ്ഥാന ശമ്പളം, പേഴ്സണൽ പേ, സ്പെഷ്യൽ പേ, സ്പെഷ്യൽ അലവൻസ്, പേഴ്സണൽ അലവൻസ്, ഡി.എ എന്നിവ ഉൾപ്പെടെ റിവൈസ്ഡ് സ്കെയിലിലും, പ്രീ റിവൈസ്ഡ് സ്കെയിലിലും 18,870/- രൂപാ വരെ 31-03-2015 ൽ ശമ്പളമായി കൈപ്പറ്റിയവർക്ക് (80% ക്ഷാമബത്തയും ചേർത്ത്) ഗവണ്മെന്റ് ഉത്തരവിലെ ക്രമം 3,500/- രൂപ അഡ്ഹോക്ക് ബോണസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

2. ഷെഡ്യൂൾഡ് ദേവസ്വങ്ങളിലേയും, പി.ഡി. ദേവസ്വങ്ങളിലേയും കാരാണ്മ ഉൾപ്പെടെ ബോണസിന് അർഹതയില്ലാത്ത എല്ലാ ഫുൾടൈം ജീവനക്കാർക്കും, ഫുൾടൈം ലാവണ ങ്ങളിലെ സ്ഥിരം ഒഴിവുകളിൽ കുറഞ്ഞത് ആറു മാസമെങ്കിലും തുടർച്ചയായി ജോലി നോക്കുകയും നാലാം ഓണം (30-08-2015) വരെ ജോലിയിൽ തുടരുന്നതുമായ കോൺട്രാക്റ്റ് ജീവനക്കാർക്കും, ഫുൾടൈം കാരാണ്മ ലാവണത്തിലുള്ള ഡിപ്പാർട്ട്മെന്റ് നോമിനികൾക്കും 2,400/- രൂപാ വീതം സെപ്ഷ്യൽ ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

3. ഷെഡ്യൂൾഡ് ദേവസ്വങ്ങളിലേയും, പി.ഡി. ദേവസ്വങ്ങളിലേയും കാരാണ്മ ഉൾപ്പെടെയുള്ള എല്ലാ പാർട്ട് ടൈം ജീവനക്കാർക്കും 2,400/- രൂപാ വീതം സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

4. ദേവസ്വം ബോർഡ് കോമ്പൗണ്ടിലും മററ് ഓഫീസുകളിലും ജോലി നോക്കി വരുന്ന സ്വീപ്പേഴ്സ്, സാനിററി വർക്കേഴ്സ് എന്നിവർക്ക് അഡ്ഹോക്ക് ബോണസോ, ഫെസ്റ്റിവൽ അലവൻസോ ഏതാണോ കൂടുതൽ ആയത് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

5. ക്ഷേത്ര കലാപീഠത്തിൽ ശമ്പള സ്കെയിലിൽ ജോലി നോക്കി വരുന്ന അദ്ധ്യാപകർക്കും മേൽ പറഞ്ഞ ഗവണ്മെന്റ് ഉത്തരവിലെ ക്രമം അഡ്ഹോക്ക് ബോണസ്/ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

6. ക്ഷേത്ര കലാപീഠത്തിൽ കൺസോളിഡേറ്റഡ് അലവൻസ് വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ഫുൾടൈം അദ്ധ്യാപകർക്ക് 2,400/- രൂപാ ക്രമവും, പാർട്ട് ടൈം അദ്ധ്യാപകർക്ക് 910/- രൂപാ ക്രമവും സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

7. ദേവസ്വം ബോർഡ് പ്രസ്സിലെ സ്ഥിരം ലാവണങ്ങളിൽ ജോലി നോക്കി വരുന്ന ജീവനക്കാർക്ക് മേൽ പറഞ്ഞ ഗവണ്മെന്റ് ഉത്തരവിലെ ക്രമം അഡ്ഹോക്ക് ബോണസ്/ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

8. (a) ദേവസ്വം ബോർഡ് പ്രസ്സിലും, മറ്റ് ഓഫീസുകളിലും ഈ ഉത്തരവ് തീയതിയിലും, ജോലിയിലുള്ള (വിവിധ കാറ്റഗറികളിൽ ജോലി നോക്കി വരുന്ന) എല്ലാ ദിവസവേതന ജീവനക്കാർക്കും മേൽ പറഞ്ഞ ഗവൺമെന്റ് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 910/- രൂപാ വീതം സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.
   (b) ദേവസ്വം ബോർഡ് കോമ്പൗണ്ടിലും ക്ഷേത്രങ്ങളിലും ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സെക്യൂരിറ്റി ജീവനക്കാർക്കും മേൽപ്പറഞ്ഞ ഗവൺമെന്റ് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 910/- രൂപ സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിക്കാവുന്നതാണ്.

9. ക്ഷേത്ര കലാപീഠത്തിലെ വിദ്യാർത്ഥികൾക്ക് (വൈക്കം, ഹരിപ്പാട്) 200/- രൂപാ ക്രമം സെപ്ഷ്യൽ ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

10. തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജീവനക്കാരായിരുന്ന് പെൻഷനായവരിൽ അഡ്ഹോക്ക് ബോണസ്/ഫെസ്റ്റിവൽ അലവൻസിന് അർഹതയില്ലാത്തവർക്ക് 670/- രൂപാ ക്രമവും, ക്ഷേത്ര ജീവനക്കാരായിരുന്ന പെൻഷൻകാർക്ക് 525/- രൂപാ ക്രമവും, എസ്റ്റാബ്ലിഷ്മെന്റ് ഫാമിലി പെൻഷൻകാർക്ക് 550/- രൂപാ ക്രമവും, ക്ഷേത്ര ജീവനക്കാരായ ഫാമിലി പെൻഷൻകാർക്ക് 400/- രൂപ ക്രമവും ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

11. ഗവൺമെന്റ് ഉത്തരവിൽ ഖണ്ഡിക 5 (VI) പ്രകാരം എംപ്ലോയ്മെന്റിൽ നിന്നും നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് 2,400/- രൂപ ഫെസ്റ്റിവൽ അലവൻസായി അനുവദിച്ചിരിക്കുന്നു. അഡ്വാൻസ് നൽകാൻ പാടുള്ളതല്ല.

12. ബോർഡിൽ കോൺട്രാക്റ്റ് വ്യവസ്ഥയിൽ സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ള റിട്ടയേർഡ് ഉദ്യോഗസ്ഥന്മാർക്ക് ഗവണ്മെന്റ് ഉത്തരവിൽ അനുവദിച്ചിട്ടുള്ള ക്രമം 2,400/- രൂപാ സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

13. 01.04.1985 നു മുൻപ് സർവ്വീസിൽ നിന്നും പിരിഞ്ഞ ക്ഷേത്ര ജീവനക്കാർക്ക് (ഇപ്പോൾ എക്സ്ഗ്രേഷ്യ ലഭിക്കുന്നവർക്ക്) 500/ രൂപാ ക്രമം സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിന് അനുവദിച്ചിരിക്കുന്നു.

14. ബോർഡിന്റെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും, ലാസ്റ്റ് ഗ്രേഡിലുള്ള ക്ഷേത്ര ജീവനക്കാർക്കും സംസ്ഥാന സർക്കാരിലെ ക്രമം 1000/- രൂപാ മുതൽ 10.000/-

രൂപാവരേയും, ഫുൾടൈം ക്ഷേത്ര ജീവനക്കാർക്ക് 1000/- രൂപാ മുതൽ 5000/- രൂപാവരേയും, പാർട്ട്ടൈം ക്ഷേത്ര ജീവനക്കാർക്ക് 1000/- രൂപാ മുതൽ 3000/- രൂപാവരേയും ഓണം അഡ്വാൻസ് നൽകാവുന്നതും ആയത് 5 (അഞ്ച്) തുല്യ ഗഡുക്കളായി തിരികെ ഈടാക്കേണ്ടതുമാണ്.

ഓണം അഡ്വാൻസ് അനുവദിച്ച് നൽകുമ്പോൾ ശമ്പളത്തിൽ നിന്നും പിടിത്തം വരുത്തുവാൻ തക്ക തുക നീക്കിയിരുപ്പുണ്ടോ എന്നു കൂടി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

മേൽ വിവരിച്ച ക്രമം അഡ്ഹോക്ക് ബോണസ്/ഫെസ്റ്റിവൽ അലവൻസ്, അഡ്വാൻസ്, പെൻഷൻകാരുടെ ഫെസ്റ്റിവൽ അലവൻസ് എന്നിവ **24-08-2015** മുതൽ നൽകുന്നതിനും അനുവദിച്ചിരിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

ഉള്ളടക്കം :-
1. G.O.(P) No. 338/15/Fin, dated 07-8-2015.
2. G.O.(P) No. 337/15/Fin, dated 07-8-2015.
3. G.O.(P) No. 367/15/Fin, dated 18-8-2015.

പകർപ്പ് :

ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ വകുപ്പ് മേധാവികൾക്കും, ആഫീസുകളിലേക്കും അയച്ചിരിക്കുന്നു.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK